**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1468** **10-10-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ മണിമല വില്ലേജിൽ ഭിന്നശേഷി ഗ്രാമം നിർമ്മിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ മണിമല വില്ലേജ് പരിധിയിൽ സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഭിന്നശേഷി ഗ്രാമം നിർമ്മിക്കുന്നതിനായി കണ്ടെത്തിയിരിക്കുന്ന ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനും ഉപയോഗാനുമതി നല്കുന്നതിനുമുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | ഭിന്നശേഷിക്കാർക്ക് വേണ്ടി സംയോജിത പുനരധിവാസഗ്രാമം പദ്ധതി ആരംഭിക്കുന്നതിനായി കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിൽ ബ്ലോക്ക് നമ്പർ 21 ൽ സർവേ 136/3ൽപ്പെട്ട 1.1475 ഹെക്ടർ (283.5സെന്റ്) പാറപുറമ്പോക്ക് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം പദ്ധതിയ്ക്ക് അനുയോജ്യമാണെന്ന് സാമൂഹ്യനീതി വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് അറിയിച്ചിട്ടുള്ളതാണ്. ഭൂമി കൈമാറ്റം സംബന്ധിച്ച ശിപാർശ തയ്യാറാക്കുന്ന നടപടികൾ കോട്ടയം ആർ.ഡി.ഒ മുഖാന്തിരം നടന്നു വരുന്നു. പ്രസ്തുത ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ അനന്തര നടപടികൾ സമയബന്ധിതമായി കൈക്കൊള്ളുന്നതാണ്. |
| (ബി) | ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | ഭിന്നശേഷിക്കാർക്ക് വേണ്ടി സംയോജിത പുനരധിവാസഗ്രാമം പദ്ധതി ആരംഭിക്കുന്നതിനായി കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിൽ ബ്ലോക്ക് നമ്പർ 21 ൽ സർവേ 136/3ൽപ്പെട്ട 1.1475 ഹെക്ടർ (283.5സെന്റ്) പാറപുറമ്പോക്ക് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം പദ്ധതിയ്ക്ക് അനുയോജ്യമാണെന്ന് സാമൂഹ്യനീതി വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് അറിയിച്ചിട്ടുള്ളതാണ്. ഭൂമി കൈമാറ്റം സംബന്ധിച്ച ശിപാർശ തയ്യാറാക്കുന്ന നടപടികൾ കോട്ടയം ആർ.ഡി.ഒ മുഖാന്തിരം നടന്നു വരുന്നു. പ്രസ്തുത ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ അനന്തര നടപടികൾ സമയബന്ധിതമായി കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ